കുതിരയെക്കുറിച്ച് ഒരു ചരിത്രപ്പുസ്തകം

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

പ്രതീകവും ബിംബവുമില്ലാത്ത കവിത വായിച്ച്
ഉറക്കുസ്വപ്നങ്ങൾ മുരടിച്ച സരസ്വതീയാമത്തിൽ
"അശ്വാരൂഢനായ മനുഷ്യനിൽ..." തുടങ്ങുന്ന തെറ്റുവാചകം
വ്യാകരണത്തിരുത്തലിനു വട്ടമേശയിൽ വിരിച്ചപ്പോൾ
ഇടപ്പള്ളിയിൽ കോഴിക്കുരുതിയ്ക്കു ഗീവർഗീസ്
കുന്തമിറക്കുന്ന വ്യാളമുഖം, അടുത്തൂണിന് യാചിക്കുന്ന
ആയിരം കുതിരശക്തി വിരട്ടുന്ന വിത്തുകുതിരകൾ
കുതിരക്കച്ചവട ഓട്ടപ്പന്തയ മദമത്സര ഷൂവണിഞ്ഞ്
കുളമ്പുരോഗക്കാലുകൾ ഏച്ചുവെച്ച് ട്രേക്കിലോട്ടം –
എൻ കുതിര,
എൻ കുതിര മുമ്പേ,
എൻ കുതിര മുമ്പേ മുമ്പേയെന്ന
പ്രാണസ്വരാട്ടഹാസമുഴക്കം.

"നാൽപ്പതു കഴിഞ്ഞാൽ വിവേകപ്പിറപ്പെങ്ങിനെ?"യെന്ന
സെമിനാറിലെ പ്രതിബിംബം നീരിറ്റുന്ന ഒരു കുതിരക്കണ്ണ് –
പത്രപംക്തിയിലെ ഇന്നത്തെ ചിന്താവിഷയം:
കുതിരമുഖക്കൂനുള്ള കുറിയ മനുഷ്യൻ
വീണ്ടും വീണ്ടും പറഞ്ഞ കഥാറിപ്പോർട്ടിൽ
എല്ലാം അശ്വമുഖത്തു കേട്ടെന്ന വനരോദനം.
കുതിരക്കണ്ണ് കുത്തിപ്പൊട്ടിച്ച മനോരോഗി ബാലൻ***
നാടകക്കുതിരത്തിരപ്പുറത്തേറി അനിച്ഛാകർമ്മയോഗി.

സഞ്ചരിക്കുന്ന സിനിമാക്കൊട്ടകയിലെ വെള്ളിമിന്നലിൽ
സ്വന്തമാക്കിയ തമിഴത്തിപ്പെണ്ണ് മലയാളിത്താന്റമ്മയോട്
ഇശൈ തേന്മൊഴിയിൽ ചൊന്നതാവിത്:
അന്ത നാട്ടിൽ കുതിര മുതിര തിന്നുന്നു,

ഇന്ത നാട്ടിൽ മനുജർ മുതിര തിന്നുന്നു.
കുതിരാനിൽ കൂകിക്കയറി മറിഞ്ഞു മറഞ്ഞ
സർക്കസ് ലോറിയും കുതിരക്കുട്ടിയും
കുതിരപ്പുറവ്വീഴ്ച്ചയിൽ കാലൊടിഞ്ഞോർക്ക്
കുതിരച്ചാണകം പൊത്തി മുറികൂട്ടുന്നു.

പൊന്നേ, കരളേ,
പൂതംപാടും "പൂങ്കരളേ",
പിറന്നാൾ സമ്മാനമായ്
ഇക്കുതിരപ്പവൻ കൈവെള്ളയിൽ പൊതിയുന്നു:
ഗീതായജ്ഞത്തിനു ഭഗവൻ രഥം പൂട്ടാൻ
അശ്വമേധക്കുതിരയ്ക്കു പരസ്യമെഴുതുമ്പോൾ,
കുതിരമാളികയിലെ സപ്താവതാര രാഗമാലിക
കേട്ടുതുടത്താളമിടുന്നതിനു മുൻവരിച്ചാർത്തായ്,
അറബിക്കുതിരക്കുളമ്പടിക്കു കാതോർക്കാതെ
ആയിരത്തൊന്നു പകലിരവു സൃഷ്ടിയിൽ
ഇണങ്ങാത്ത കാട്ടുകുതിരാ പ്രദർശനം കൈവിട്ട്
ജൈവച്ചിത്രത്തൂണിൽ ഇണചേർത്തു വിശിഷ്ടവർഗ്ഗ-
സ്സർഗ്ഗം തീർക്കും ഹക്സിലിയുടെ നൂതന സങ്കേതത്തിൽ,
കുതിരറമ്മിന്റെ 3X കൊടുംകടുമണ റമ്മി കളിക്കാതെ
പഞ്ചബാണന്റെ 5X മദിരാക്ഷിയായ് മതിമറന്ന്,
അകലത്തിലറിയാത്ത അകാലമടുപ്പത്തിൽ ജ്വലിച്ച്,
അറിവറയിലെ കരാളക്കറ പുരളാത്ത കനിക്കായ്,
ജീജയോമനപ്പുത്രൻ ശിവജിയും
പടയോട്ടമടക്കിലെ ടിപ്പുവും
പെൺവേഷപ്പൊരുത്ത ഝാൻസിയും
വെള്ളക്കുതിരയും കരിങ്കുതിരയും ചാരക്കുതിരയും
ചത്തുമലരണ രണാങ്കണ സംഘഗാനം പാടുക:
കുതിര കുതിര കുതിര
കുതിര കയറുന്ന കുതിര
കയറ്റമിറങ്ങുന്ന കുതിര
സർവ്വം കുതിരമയം.
****

*** "EQUUS" എന്ന നാടകം